പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6968 13.7.2012 ന് മറുപടിക്ക്

ഗാർഹിക തൊഴിലാളികൾക്ക് ക്ഷേമ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.കെ. അച്ചുതൻ<br>ശ്രീ.വി.റ്റി. ബൽറാം<br>ശ്രീ.എ.റ്റി. ജോർജ് | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ)ഗാർഹിക തൊഴിലാളികൾക്ക് ക്ഷേമ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; | എ) 20.1.2011 -ലെ ജി.ഒ(എം.എസ്)8/2011/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഗാർഹിക തൊഴിലാളികൾക്കായി കേരള ഡൊമസ്റ്റിക് വർക്കേഴ്സ് ക്ഷേമനിധി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി)എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി തൊഴിലാളികൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ; | (ബി) പ്രസ്തുത പദ്ധതി വഴി പെൻഷൻ, കുടുംബപെൻഷൻ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, ചികിൽസാധന സഹായം, വിദ്യാഭ്യാസാനുകൂല്യം, അംഗത്തിന്റെ കുടുംബാംഗങ്ങളുടെ മരണാനന്തര ചെലവ്, മരണാനന്തര സഹായം എന്നീ ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കും. |
| (സി)ഇതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (സി) **2011-2012** വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്ലാനിൽ **50** ലക്ഷം രൂപ പദ്ധതിയുടെ പ്രാഥമിക ആവശ്യങ്ങൾക്കായി വകയിരുത്തിയിരുന്നത് പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല ഏൽപ്പിച്ചിട്ടുള്ള തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകിയിട്ടുണ്ട് . നിലവിൽ **1990** ലെ കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള **27,000** തൊഴിലാളികളുടേയും അംശാദായം പുതിയ പദ്ധതിയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നു. കൂടാതെ പുതിയതായി അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. 2012-2013 വർഷത്തേയ്ക്ക് പുതിയ പദ്ധതിയുടെ നടത്തിപ്പിനായി 150 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ